**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1052.

08.01.2014-ലെ മറുപടിയ്ക്ക്

**പെരുന്തേനരുവി/മണിയാർ ടൂറിസം പദ്ധതികൾ.**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പെരുന്തേനരുവി ടൂറിസ്റ്റ് പദ്ധതിക്കായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഈ തുക ഉപയോഗിച്ച് നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെ; എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; മൂന്നാം ഘട്ടത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കുന്നത്; പ്രോജക്ട് ആയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) പെരുന്തേനരുവി ടൂറിസം പദ്ധതിയ്ക്ക് ടൂറിസം വകുപ്പ് 1,72,97,800 രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണം സർക്കാർ സ്ഥാപനമായ സിഡ്കോയാണ് ഏറ്റെടുത്തിട്ടുള്ളത്. 1,00,45,740 രൂപ സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് നാല് കോട്ടേജുകൾ, റെസ്റ്റോറന്റിന്റെ ക്രമീകരണം, പവിലിയൻ, പാർക്കിംഗ് യാർഡ്, ടോയിലറ്റ് ബ്ലോക്ക് തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. പാർക്കിംഗ് സൗകര്യങ്ങളും, നാല് കോട്ടേജുകളും വെള്ളച്ചാട്ടത്തിലേയ്ക്കുള്ള നടപ്പാതയും ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. പെയിന്റിംഗ്, വൈദ്യുതീകരണം, പാർക്കിംഗിന്റെ ടൈൽ വർക്ക് എന്നിവ പൂർത്തീകരിക്കാനുണ്ട്. മൂന്നാം ഘട്ടത്തിന്റെ പ്രോജക്ട് തയ്യാറായിട്ടില്ല. |

(ബി) മണിയാർ ഡാം ടൂറിസം പദ്ധതിയ്ക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ട്; ഇതിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്; നിർമ്മാണ ച്ചുമതല ആർക്കായിരുന്നു; എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത്; ഇതിനായി എത്ര തുക ചെലവാക്കി; ബാക്കി നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഈ ടൂറിസം പദ്ധതി പൂർണ്ണമായ തോതിൽ നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>(ബി)യും (സി)യും</u>

മണിയാർ ഡാം ടൂറിസം പദ്ധതിക്കായി സംസ്ഥാന ടൂറിസം വകുപ്പ് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഡാമിന്റെ സൗന്ദര്യ വത്കരണത്തിനായി പവിലിയൻ, ടോയ്‌ലറ്റ് ബ്ലോക്ക്, ലാന്റ് സ്കേപ്പ്, നടപ്പാത തുടങ്ങിയവ ഉൾപ്പെടുത്തി യിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണം സർക്കാർ സ്ഥാപനമായ സിഡ്കോയാണ് ഏറ്റെടുത്തിട്ടുള്ളത്. മൂന്ന് പവലിയനുകൾ, പാർക്കിംഗ് സൗകര്യങ്ങൾ എന്നിവ പൂർത്തീ കരിച്ചു വരുന്നു. ഇതുവരെ 37 ലക്ഷം രൂപ സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗ മിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ